# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 03.09.2025**

### പ്രധാനവാർത്തകൾ

1. **സെമികണ്ടക്ടർ രംഗത്ത് സ്വാശ്രയത്വം കൈവരിക്കാൻ ഇന്ത്യ; സെമികോൺ ഇന്ത്യ 2025 സിഇഒ -മാരുടെ വട്ടമേശ സമ്മേളനത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി പങ്കെടുക്കും.**
2. **ചരക്കുസേവന നികുതി കൗൺസിൽ യോഗം ന്യൂ ഡൽഹിയിൽ ആരംഭിച്ചു; നികുതി സ്ലാബുകളിൽ പരിഷ്ക്കരണത്തിന് സാധ്യത; ധനാഗമ മാർഗങ്ങളെ ബാധിക്കുമെന്ന് ആശങ്കയുണ്ടെന്ന് ധനമന്ത്രി കെ എൻ ബാലഗോപാൽ.**
3. **സംസ്ഥാന സർക്കാരിന്റെ ഈ വർഷത്തെ ഓണം വാരാഘോഷത്തിന് ഇന്ന് തിരുവനന്തപുരത്ത് മുഖ്യമന്ത്രി പിണറായി വിജയൻ തുടക്കം കുറിക്കും.**
4. **വയനാട് കാസർഗോഡ് ജില്ലകളിൽ 50 വീതം എംബിബിഎസ് സീറ്റുകളോടെ 2 മെഡിക്കൽ കോളേജുകൾക്ക് നാഷണൽ മെഡിക്കൽ കമ്മീഷന്റെ അനുമതി.**
5. **മുൻ ചാമ്പ്യൻ നൊവാക് ജോക്കോവിച്ച് യു എസ് ഓപ്പൺ ടെന്നീസ് പുരുഷ സിംഗിൾസ് സെമിയിൽ.**

&&&&&&&&&&&&&&&&&&

RNUTVPM

## പി.എം - സിഇഒ - വട്ടമേശ സമ്മേളനം

ന്യൂഡൽഹിയിൽ നടക്കുന്ന സെമികോൺ ഇന്ത്യ 2025 സിഇഒ - മാരുടെ വട്ടമേശ സമ്മേളനത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് പങ്കെടുക്കും. ഇന്ത്യയുടെ അർദ്ധചാലക ആവാസ വ്യവസ്ഥ, വളർച്ച, വികസനം എന്നിവ സംബന്ധിച്ച് വ്യവസായ പ്രമുഖരുമായി ചർച്ച നടത്തുന്നതിനുള്ള വേദിയാണ് സിഇഒ റൗണ്ട് ടേബിൾ. ഇന്നലെയാണ് മൂന്ന് ദിവസത്തെ സെമികോൺ ഇന്ത്യ സമ്മേളനം പ്രധാനമന്ത്രി ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്തത്. ആഗോള അർദ്ധചാലക വിതരണ ശൃംഖലയിൽ ഇന്ത്യയെ ലോകത്തിൻറെ വിശ്വസ്ത പങ്കാളിയാക്കാൻ ലക്ഷ്യമിട്ടാണ് സെമികോൺ ഇന്ത്യ 2025 സംഘടിപ്പിക്കുന്നത്.

&&&&&&&&&&&&&&&&&&

## ചരക്കുസേവന നികുതി കൗൺസിൽ

ചരക്കുസേവന നികുതി കൗൺസിലിൻറെ 56-ാമത് യോഗം ന്യൂഡൽഹിയിൽ ആരംഭിച്ചു. കേന്ദ്ര ധനമന്ത്രി നിർമല സീതാരാമന്റെ അധ്യക്ഷതയിലാണ് യോഗം. ജി.എസ് ടി പരിഷ്കരണം, നികുതി നിരക്ക് മാറ്റം തുടങ്ങിയവ യോഗം ചർച്ച ചെയ്യും. പാവപ്പെട്ടവർ, കർഷകർ, ഇടത്തരക്കാർ, സൂക്ഷ്മ ചെറുകിട സംരംഭകർ എന്നിവർക്ക് ആശ്വാസകരമാകുന്ന രീതിയിൽ നികുതി പരിഷ്കരിക്കേണ്ടതിൻറെ ആവശ്യകത, പ്രധാനമന്ത്രി നരേന്ദ്രമോദി, സ്വാതന്ത്ര്യദിനപ്രസംഗത്തിൽ വ്യക്തമാക്കിയിരുന്നു.

RNU TVPM

&&&&&&&&&&&&&&&&&&

## ബാലഗോപാൽ (ഇൻട്രോ)

ചരക്കു സേവന നികുതി പരിഷ്കാര നിർദ്ദേശങ്ങൾ സംസ്ഥാനത്തിന്റെ ധനാഗമ മാർഗങ്ങളെ ബാധിക്കുമെന്ന് ആശങ്കയുണ്ടെന്ന് ധനമന്ത്രി കെ എൻ ബാലഗോപാൽ. ഇത് കൗൺസിൽ യോഗത്തിൽ അറിയിക്കുമെന്നും ജനങ്ങളുടെ ക്ഷേമത്തിനാണ് മുൻതൂക്കം നൽകുകയെന്നും മന്ത്രി ഡൽഹിയിൽ മാധ്യമപ്രവർത്തരോട് പറഞ്ഞു.

(ഹോൾഡ് വോയ്സ്......)

&&&&&&&&&&&&&&&&&&

## ഓണം വാരാഘോഷം

സംസ്ഥാനത്തെ ഓണം വാരാഘോഷത്തിന് ഇന്ന് തുടക്കമാകും. ഓണാഘോഷങ്ങളുടെ സംസ്ഥാന തല ഉദ്ഘാടനം വൈകുന്നേരം 6 മണിക്ക് തിരുവനന്തപുരം നിശാഗന്ധി ഓഡിറ്റോറിയത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും. ചലച്ചിത്ര താരങ്ങളായ ജയം രവി, ബേസിൽ ജോസഫ് എന്നിവർ ഉദ്ഘാടന ചടങ്ങിൽ മുഖ്യാതിഥികൾ ആകും. ഈ മാസം 9 വരെ 33 വേദികളിലായി വൈവിധ്യങ്ങളായ പരിപാടികളുമായാണ് ഇത്തവണത്തെ ഓണം വാരാഘോഷം സംഘടിപ്പിച്ചിരിക്കുന്നത്. ഒമ്പതിന് ഘോഷയാത്രയോടെ ഓണാഘോഷത്തിന് സമാപനമാകും. ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ ഓണം ഘോഷയാത്ര ഫ്ളാഗ് ഓഫ് ചെയ്യും. സംസ്ഥാനത്തെ മറ്റ് ജില്ലകളിലും വിവിധ പരിപാടികളാണ് ഒരുക്കിയിട്ടുള്ളത്.

RNU TVPM

&&&&&&&&&&&&&&&&&&

## ഓണം - ഗതാഗതം

ഓണഘോഷവുമായി ബന്ധപ്പെട്ട് തിരുവനന്തപുരം നഗരത്തിലെ പ്രധാന റോഡുകളിൽ പാർക്കിംഗ് അനുവദിക്കില്ലെന്ന് സിറ്റി പോലീസ് കമ്മീഷണർ. കനകക്കുന്നിൽ നിന്ന് കോർപ്പറേഷൻ വരെയുള്ള റോഡുകളിൽ ഗതാഗത നിയന്ത്രണങ്ങൾ ഉണ്ടാകും. നഗരത്തിലെ പ്രധാന കേന്ദ്രങ്ങളിൽ സി.സി.ടി.വി. നിരീക്ഷണം ഏർപ്പെടുത്തും. കനകക്കുന്നിൽ പ്രത്യേക കൺട്രോൾ റൂം പ്രവർത്തിക്കും.

&&&&&&&&&&&&&&&&&&

## ശർക്കര (ഇൻട്രോ)

ഓണക്കാലമെത്തിയതോടെ പത്തനംതിട്ട ജില്ലയിലെ വിവിധ പ്രദേശങ്ങളിൽ ശർക്കര നിർമ്മാണവും വിൽപനയും ആരംഭിച്ചു.

കരിമ്പ് കൃഷിയും ശർക്കര വ്യവസായവുമൊക്കെയായി മധുരമേറും പഴയപ്രതാപകാലം വീണ്ടെടുക്കാനുള്ള ശ്രമത്തിലാണ് പത്തനംതിട്ട ജില്ല. പത്തനംതിട്ടയിൽ നിന്നും ആകാശവാണി ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ തയ്യാറാക്കിയ റിപ്പോർട്ട്.

(ഹോൾഡ് വോയ്സ്...............)

&&&&&&&&&&&&&&&&&&

<u>നെൽ കർഷകർ- ബോണസ്</u>

നെൽ കർഷകർക്കുള്ള സംസ്ഥാന ഉൽപാദന ബോണസിന് 100 കോടി രൂപ മുൻകൂർ അനുവദിച്ചതായി ധനകാര്യ മന്ത്രി കെ എൻ ബാലഗോപാൽ. ഈ വർഷം സംഭരിച്ച നെല്ലിൻ്റെ ബോണസ് വിഹിതം പൂർണമായും അനുവദിച്ചിരുന്നു. ഇതിനു പുറമെയാണ് ഇപ്പോൾ 100 കോടി രൂപ മുൻകൂർ അനുവദിച്ചതെന്നും മന്ത്രി അറിയിച്ചു.

&&&&&&&&&&&&&&&&&&

<u>റേഷൻ വിതരണം</u>

സംസ്ഥാനത്ത് ഒന്നാം ഓണ ദിവസമായ നാളെ റേഷൻ കടകൾ തുറന്നു പ്രവർത്തിക്കും. അന്ത്യോദയ അന്ന യോജന കാർഡുടമകൾക്കും ക്ഷേമസ്ഥാപനങ്ങളിലെ അന്തേവാസികൾക്കുമുള്ള ഓണക്കിറ്റ് വിതരണം ഈ മാസവുമുണ്ടാകും.

&&&&&&&&&&&&&&&&&&

<u>വെളിച്ചെണ്ണ - വിലക്കുറവ്</u>

ഇന്നും നാളെയും സപ്ലൈകോ വിൽപനശാലകളിൽ വെളിച്ചെണ്ണയ്ക്ക് ലിറ്ററിന് 50 രൂപ പ്രത്യേക വിലക്കുറവ്. 1,500 രൂപയ്ക്കോ അതിലധികമോ സബ്സിഡി ഇതര ഉത്പന്നങ്ങൾ വാങ്ങുന്ന ഉപഭോക്താക്കൾക്കാണ് വിലക്കുറവ്.

&&&&&&&&&&&&&&&&&&

RNUTVPM

## അർബൺ കോൺക്ലേവ്

സമഗ്ര നഗര നയ രൂപീകരണവുമായി ബന്ധപ്പെട്ട് ഈ മാസം 12, 13 തീയതികളിൽ കേരള അർബൻ കോൺക്ലേവ് സംഘടിപ്പിക്കുമെന്ന് മന്ത്രി എം ബി രാജേഷ്. കൊച്ചിയിൽ നടക്കുന്ന കോൺക്ലേവ് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.

&&&&&&&&&&&&&&&&&&

## അധ്യാപക അവാർഡ് (ഇൻട്രോ)

പരിസ്ഥിതിയുമായി ഇണങ്ങി ചേർന്ന് പഠിക്കാനുള്ള സാഹചര്യമാണ് വിദ്യാർത്ഥികൾക്ക് ഒരുക്കിയതെന്നും, ഏത് സാഹചര്യങ്ങളോടും പൊരുത്തപ്പെട്ട് മികച്ച പഠന അന്തരീക്ഷം ഒരുക്കാനാണ് അധ്യാപകർ ശ്രമിക്കേണ്ടതെന്ന് ഇന്നലെ പ്രഖ്യാപിച്ച ദേശീയ അധ്യാപക പുരസ്കാര ജേതാവ് കിഷോർ കുമാർ എം.എസ് ആകാശവാണി വാർത്തകളോട് പറഞ്ഞു.

(ഹോൾഡ് വോയ്സ്)

കേരളത്തിൽ നിന്നുള്ള രണ്ട് അധ്യാപകരാണ് പുരസ്കാരം നേടിയത്. കിഷോർകുമാറിനെ കൂടാതെ തിരുവനന്തപുരം ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പേസ് സയൻസ് & ടെക്നോളജി സീനിയർ പ്രൊഫസറും അസോസിയേറ്റ് ഡീനുമായ മനോജ് ബി.എസ് -നാണ് പുരസ്കാരം ലഭിച്ചത്.

&&&&&&&&&&&&&&&&&&

## മെഡിക്കൽ കോളേജുകൾക്ക് അനുമതി

സംസ്ഥാനത്തെ 2 മെഡിക്കൽ കോളേജുകൾക്ക് കൂടി ദേശീയ മെഡിക്കൽ കമ്മീഷൻ അനുമതി ലഭ്യമായതായി മന്ത്രി വീണാ ജോർജ്. വയനാട്, കാസർഗോഡ് സർക്കാർ മെഡിക്കൽ കോളേജുകൾക്കാണ് അനുമതി ലഭിച്ചത്. 50 എം ബി ബി എസ് സീറ്റുകൾക്ക് വീതമാണ് അനുമതി ലഭിച്ചത്. ഇവിടങ്ങളിൽ ഈ

RNU TVPM

അധ്യായന വർഷം തന്നെ വിദ്യാർത്ഥികളെ പ്രവേശിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കുമെന്നും മന്ത്രി വ്യക്തമാക്കി.

&&&&&&&&&&&&&&&&&&

## ആംബുലൻസ്- യോഗം

ജില്ലകളിൽ സ്വകാര്യ ആംബുലൻസുകാരുടെ യോഗം വിളിച്ചു ചേർക്കാൻ സർക്കർ തീരുമാനം. അത്യാസന്ന നിലയിലുള്ള രോഗികളെ കൊണ്ടുപോകുന്ന സ്വകാര്യ ആംബുലൻസുകളുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്യാൻ മുഖ്യമന്ത്രി പിണറായി വിജയൻ്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിലാണ് തീരുമാനം. അപകടം പറ്റിയവരെ ഡ്രൈവർമാർ സ്വകാര്യ ആശുപത്രിയിലേക്ക് കൊണ്ടുപോയി കമ്മീഷൻ കൈപ്പറ്റുന്നതായി പരാതികൾ ഉയർന്ന പശ്ചാത്തലത്തിലായിരുന്നു യോഗം ചേർന്നത്.

&&&&&&&&&&&&&&&&&&

## മഴ

സംസ്ഥാനത്ത് ഇന്ന് ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. തൃശൂർ, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർകോട് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചിട്ടുണ്ട്. കേരള- കർണാടക- ലക്ഷദ്വീപ് തീരങ്ങളിൽ നാളെ വരെ മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.

&&&&&&&&&&&&&&&&&&

## കണ്ണൂർ മഴ (ഇൻട്രോ)

കണ്ണൂർ ജില്ലയിലെ മലയോര പ്രദേശങ്ങളിൽ ഇന്നലെ രാത്രി ആരംഭിച്ച അതിശക്തമായ മഴയിൽ മിക്ക പുഴകളും കരകവിഞ്ഞു. ചിലയിടങ്ങളിൽ ഇപ്പോഴും ഒറ്റപ്പെട്ട മഴ തുടരുന്നുണ്ട്.

RNU TVPM

വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ ഒ ശശിധരൻ ..... (വോയ്സ്)

&&&&&&&&&&&&&&&&&&

## ശബരിമല

ഓണം പൂജകൾക്കായി ശബരിമല ക്ഷേത്ര നട ഇന്നു വൈകിട്ട് അഞ്ചിന് തുറക്കും. ഇന്ന് പൂജകൾ ഒന്നും തന്നെ ഉണ്ടാവില്ല. മറ്റെന്നാൾ തിരുവാണ പൂജകൾ നടക്കും. ഓണത്തോടനുബന്ധിച്ച് ഉത്രാടം,തിരുവോണം,അവിട്ടം നാളുകളിൽ സന്നിധാനത്ത് വിഭവസമൃദ്ധമായ ഓണസദ്യ നടക്കും. ഓണക്കാല പൂജകൾ പൂർത്തിയാക്കി 7 ന് രാത്രി 9ന് നടയടക്കും. അന്നേ ദിവസം രാത്രി 9.50 മുതൽ ചന്ദ്രഗ്രഹണം ആയതിനാലാണ് നട നേരത്തേ അടക്കുക.

&&&&&&&&&&&&&&&&&&

## യു. എസ് ഓപ്പൺ ടെന്നീസ്

PNUTVPM

യു. എസ് ഓപ്പൺ ടെന്നീസ് ക്വാർട്ടർ ഫൈനൽ മത്സരങ്ങൾക്ക് തുടക്കമായി. ആദ്യ ക്വാർട്ടറിൽ മുൻ ചാമ്പ്യൻ നൊവാക് ജോക്കോവിച്ച് ലോക നാലാം നമ്പർ താരം ടെയ്‌ലർ ഫ്രിറ്റ്സിനെ പരാജയപ്പെടുത്തി സെമിയിൽ കടന്നു. ഇന്ത്യയുടെ യുകി ഭാംബ്രി-ന്യൂസീലൻഡ് താരം മൈക്കൽ വീനസ് സഖ്യം പുരുഷ ഡബിൾസ് ക്വാർട്ടർ ഫൈനലിൽ കടന്നു.

&&&&&&&&&&&&&&&&&&

## കെ.സി.എൽ

കേരള ക്രിക്കറ്റ് ലീഗിൽ ഇന്നത്തെ ആദ്യ മത്സരത്തിൽ അദാനി ട്രിവാൻഡ്രം റോയൽസ്, ആലപ്പി റിപ്പിൾസിനെ നേരിടും. ഉച്ചയ്ക്ക് 2.30 നാണ് മത്സരം. വൈകുന്നേരം 6.45 ന് നടക്കുന്ന രണ്ടാം മത്സരത്തിൽ ഏരീസ് കൊല്ലം സെയിലേഴ്സ്, കൊച്ചി ബ്ലൂ ടൈഗേഴ്സുമായി ഏറ്റുമുട്ടും.

&&&&&&&&&&&&&&&&&&

<u>വയോജന കമ്മീഷൻ</u>

വയോജന ക്ഷേമത്തിനായി സുപ്രധാന ചുവടു മുന്നോട്ടിവെച്ച് കേരളം. രാജ്യത്താദ്യമായി രൂപീകരിക്കപ്പെട്ട വയോജന കമ്മീഷൻ ചുമതലയേറ്റു. മുൻ രാജ്യസഭാംഗവും സാമൂഹ്യ പ്രവർത്തകനുമായ കെ സോമപ്രസാദ് ചെയർപേഴ്സണായ അഞ്ചംഗ കമ്മീഷനാണ് സ്ഥാനമേറ്റത്. അമരവിള രാമകൃഷ്ണൻ, ഇ.എം.രാധ, കെ.എൻ.കെ നമ്പൂതിരി, പ്രൊഫ. ലോപസ് മാത്യു എന്നിവരാണ് മറ്റ് അംഗങ്ങൾ. തിരുവനന്തപുരത്ത് സെക്രട്ടറിയറ്റിലെ ദർബാർ ഹാളിൽ നടന്ന സ്ഥാനാരോഹണച്ചടങ്ങും കമ്മീഷൻ അംഗങ്ങൾക്കുള്ള ആശംസാ സമ്മേളനവും മന്ത്രി ആർ ബിന്ദു ഉദ്ഘാടനം ചെയ്തു. വയോജനങ്ങളുടെ ക്ഷേമവും അവകാശവുമായി ബന്ധപ്പെട്ട് മാർഗ്ഗനിർദ്ദേശങ്ങൾ നൽകാനും വയോജനങ്ങളുടെ പുനരധിവാസത്തിന് സഹായങ്ങൾ ലഭ്യമാക്കാനുമാണ് കമ്മീഷൻ നിലവിൽ വരുന്നത്.

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&

RNU TVPM